www.societytodaynews.com

2024 AUGUST
26
MONDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ടോൾ ബൂത്തുകൾക്ക് വിട; ഇനി ഗ്ലോബൽ നാവിഗേഷൻ



**കൊച്ചി:** രാജ്യത്തെ റോഡുകളിലും പാലങ്ങളിലുമുള്ള ടോൾ പിരിവ് സമ്പ്രദായങ്ങളിൽ സമൂല മാറ്റം വരുന്നു. ടോൾ ബൂത്തുകൾ മുഖേന പണം പിരിക്കുന്ന സംവിധാനം തന്നെ ഒഴിവാക്കി, ഉപഗ്രഹ സംവിധാനം ഉപയോഗിച്ച്, യാത്ര ചെയ്ത ദൂരത്തിനു മാത്രം പണം ഈടാക്കുന്ന രീതിയാണ് നിലവിൽ വരുന്നത്.

ടോൾ ബൂത്തുകളിൽ പണം സ്വീകരിക്കുന്നതിനു പകരം ഫാസ്ടാഗ് സംവിധാനം ഏർപ്പെടുത്തിയിരുന്നെങ്കിലും, ഇതുകൊണ്ട് കാര്യമായ പ്രയോജനം ലഭിച്ചില്ലെന്നാണ് വിലയിരുത്തൽ. ഓട്ടോമാറ്റിക്കായി പണം സ്വീകരിക്കാൻ സാധിക്കുന്നത് ടോൾ ബൂത്തുകളിലെ തട്ടിപ്പ് കുറയ്ക്കാൻ സഹായിച്ചെങ്കിലും വാഹനങ്ങളിലെ ഫാസ്ടാഗ് സ്കാൻ ചെയ്യാൻ ന്യായമായ സമയമെടുക്കുന്നുണ്ട്. ബൂത്തുകളിൽ കാക്കേണ്ട സമയം കുറഞ്ഞെങ്കിലും സാങ്കേതിക തകരാറുകൾ ചില സമയത്ത് പഴയതിനെക്കാൾ കൂടുതൽ സമയമെടുക്കാനും കാരണമാകുന്നു.

ഇതിനെല്ലാം പരിഹരമായിരിക്കും ഗ്ലോബൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റം ഏചടട എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഇതുപയോഗിച്ച് വാഹനങ്ങൾ തത്സമയം ട്രാക്ക് ചെയ്യപ്പെടും. അതിനാൽ ടോൾ ബൂത്തുകൾ പൂർണമായി ഒഴിവാക്കാം. ടോൾ നിലവിലുള്ള സ്ഥലത്ത് ഏതു സമയത്ത് വാഹനം പ്രവേശിച്ചെന്നും എത്ര സമയം ഓടിയെന്നും എപ്പോൾ പുറത്തിറങ്ങിയെന്നും നോക്കി, അതനുസരിച്ചു മാത്രമായിരിക്കും ചാർജ് ഈടാക്കുക. ടോൾ ബൂത്തുകളെ ആശ്രയിക്കുമ്പോൾ ഒരു കിലോമീറ്ററിനും പത്തു കിലോമീറ്ററിനും ഒരേ ചാർജാണ് വരുന്നത്. ജിഎൻഎസ്എസിൽ ഇതു മാറും.

അതേസമയം, ബൂത്തുള്ള സ്ഥലത്തു മാത്രം ഇടവഴി കയറി മറ്റു സ്ഥലങ്ങളിൽ ടോൾ റോഡ് ഉപയോഗിക്കുന്ന രീതിയും ഇതോടെ ഇല്ലാതാകും. വാഹനം പാതയിൽ ഉടനീളം ട്രാക്ക് ചെയ്യുന്നതാണ് കാരണം.

ഫാസ്ടാഗിൽ നിന്ന് പെട്ടെന്ന് ഗ്ലോബൽ നാവിഗേഷൻ സംവിധാനത്തിലേക്കു മാറാനും സാധിക്കില്ല. ഘട്ടംഘട്ടമായി മാത്രമായിരിക്കും മാറ്റം. പണം കൊടുക്കുന്ന ടോൾ മാറി ഫാസ്ടാഗ് വന്നപ്പോൾ, ഒന്നോ രണ്ടോ ലെയിനുകൾ വീതം ഈ രീതിയിലാക്കിയായിരുന്നു മാറ്റം. സമാന മാതൃകയായിരിക്കും ജിഎൻഎസ്എസിലേക്കു മാറുമ്പോഴും സ്വീകരിക്കുക. ഇതു വിജയമായാൽ ടോൾ ബൂത്ത് സംവിധാനം പൂർണമായി ഉപേക്ഷിക്കാൻ സാധിക്കും.

കർണാടകയിലെ ബംഗളൂരു മൈസുരു ദേശീയപാതയിലും ഹരിയാനയിലെ പാനിപ്പത്ത് ഹിസർ ദേശീയപാതയിലും പുതിയ രീതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിക്കഴിഞ്ഞു.

# സ്ത്രീകളോടുള്ള അതിക്രമം വച്ചുപൊറുപ്പിക്കില്ല: പ്രധാനമന്ത്രി



**ന്യൂഡൽഹി:** സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ മാപ്പർഹിക്കാത്ത പാപമാണെന്നും ആ നിലയിൽ തന്നെ അതിനെ കൈകാര്യം ചെയ്യണമെന്നും സംസ്ഥാന സർക്കാരുകളെയും രാഷ്ട്രീയ പാർട്ടികളെയും പ്രധാനമന്ത്രി നരേന്ദ്രമോദി ഓർമ്മപ്പെടുത്തി.സ്ത്രീകളുടെ ജീവനും അന്തസും സംരക്ഷിക്കാൻ സമൂഹത്തിനും സർക്കാരുകൾക്കും ബാദ്ധ്യതയുണ്ട്. കുറ്റവാളികളെയും അവരെ സഹായിക്കുന്നവരെയും വെറുതെവിടില്ല. സ്ത്രീകൾക്കെതിരെയുള്ള അതിക്രമം കൈകാര്യം ചെയ്യുന്നതിൽ സർക്കാർ, പൊലീസ്, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി ഏത് തലത്തിൽ വീഴ്ചയുണ്ടായാലും എല്ലാവരെയും ഉത്തരവാദികളാക്കുമെന്നും മോദി വ്യക്തമാക്കി.

ഈ സന്ദേശം മുകൾത്തട്ടുമുതൽ താഴേത്തട്ടുവരെ പോകണം. കൊൽക്കത്തയിൽ പി.ജി ട്രെയിനി ഡോക്ടർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ടത് ഉൾപ്പെടെയുള്ള സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് പ്രധാനമന്ത്രി നിലപാട് വ്യക്തമാക്കിയത്.

മഹാരാഷ്ട്രയിലെ ജൽഗാവിൽ ലാഖ്പതി ദീദി സമ്മേളൻ' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.അമ്മമാരുടെയും സഹോദരിമാരുടെയും പെൺമക്കളുടെയും സുരക്ഷ രാജ്യത്തിന്റെ പ്രഥമ പരിഗണനയാണ്. അവരുടെ വേദനയും അമർഷവും മനസിലാക്കുന്നു. കുറ്റവാളികൾക്കെതിരെ നിയമങ്ങൾ ശക്തമാക്കാൻ നടപടിയെടുക്കുന്നുണ്ട്. ഭാരതീയ ന്യായ് സംഹിതയിൽ വ്യവസ്ഥകൾ കൊണ്ടുവന്നു. ഇരയായ സ്ത്രീക്ക് പൊലീസ് സ്റ്റേഷനിൽ നേരിട്ടു പോകാൻ താത്പര്യമില്ലെങ്കിൽ ഇ എഫ്.ഐ.ആർ ഫയൽ ചെയ്യാം. അതിൽ ആർക്കും തിരുത്തൽ വരുത്താനോ, കൃത്രിമത്വം കാണിക്കാനോ കഴിയില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

## ടെലഗ്രാം സിഇഒ പാവൽ ഡ്യൂറോവ് അറസ്റ്റിൽ

**ലഹരിമരുന്ന് കടത്ത്, സൈബർ ഇടത്തിലെ ഭീഷണിപ്പെടുത്തൽ, തീവ്രവാദം പ്രോത്സാഹിപ്പിക്കൽ, സംഘടിത കുറ്റകൃത്യങ്ങൾ, വഞ്ചന എന്നീ കുറ്റങ്ങളാണ് ദുരോവിനെതിരെ ചുമത്തപ്പെട്ടിരിക്കുന്നത്.**



**പാരിസ്:** ടെലഗ്രാം സിഇഒ പാവൽ ഡ്യൂറോവ് ഫ്രാൻസിൽ അറസ്റ്റിലായി. ബുർഗേ വിമാനത്താവളത്തിൽവെച്ചാണ് ദുരോവ് അറസ്റ്റിലായതെന്ന് രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. കോടതിയിൽ ഹാജരാകാനിരിക്കെയാണ് അറസ്റ്റ്. ടെലഗ്രാമിന്റെ ക്രിമിനൽ ഉപയോഗം നിയന്ത്രിക്കുന്നതിൽ പാവൽ ഡ്യൂറോവ് പരാജയപ്പെട്ടുവെന്നാണ് ആരോപണം. ഇതു ശരിവയ്ക്കുന്ന തെളിവുകൾ ഏജൻസികൾ കണ്ടെത്തിയതായാണ് സൂചന.

ലഹരിമരുന്ന് കടത്ത്, സൈബർ ഇടത്തിലെ ഭീഷണിപ്പെടുത്തൽ, തീവ്രവാദം പ്രോത്സാഹിപ്പിക്കൽ, സംഘടിത കുറ്റകൃത്യങ്ങൾ, വഞ്ചന എന്നീ കുറ്റങ്ങളാണ് ദുരോവിനെതിരെ ചുമത്തപ്പെട്ടിരിക്കുന്നത്.

അസർബൈജാനിലെ ബകുവിൽ നിന്നാണ് പാവൽ ഡ്യൂറോവ് ഫ്രാൻസിലേക്കെത്തിയത്. 2013ലാണ് പാവൽ ഡ്യൂറോവ് ടെലഗ്രാം സ്ഥാപിച്ചത്. സർക്കാർ നിർദേശങ്ങൾ അംഗീകരിക്കാൻ കഴിയാതെ 2014ൽ റഷ്യവിട്ടു. സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ കൈമാറാത്തതിന് 2018ൽ റഷ്യയിൽ ടെലഗ്രാം നിരോധിച്ചെങ്കിലും 2021ൽ വിലക്ക് പിൻവലിച്ചു.

## വാഹന വിപണി പ്രതിസന്ധിയിലേക്ക്



**കൊച്ചി:** സാമ്പത്തിക മേഖലയിൽ തളർച്ച ശക്തമായതോടെ രാജ്യത്തെ വാഹന വിപണി കടുത്ത അനിശ്ചിതത്വത്തിലേക്ക് നീങ്ങുന്നു. കാർ വിൽപന മന്ദഗതിയിലായിട്ടും വൻകിട വാഹന നിർമാണ കമ്പനികൾ ഉത്പാദനത്തിൽ കുറവു വരുത്താത്തതാണ് പ്രതിസന്ധി രൂക്ഷമാക്കുന്നത്. ഡീലർഷിപ്പുകളിൽ വിൽപന നേടാതെ കെട്ടിക്കിടക്കുന്ന വാഹനങ്ങളുടെ എണ്ണം ചരിത്രത്തിലെ ഏറ്റവും ഉയർന്ന തലത്തിലാണ്. ഫെഡറേഷൻ ഒഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻറെ (എഫ്എഡിഎ) കണക്കുകളനുസരിച്ച് നിലവിൽ 73,000 കോടി രൂപയിലധികം മൂല്യമുള്ള 7 ലക്ഷം വാഹനങ്ങളാണ് ഡീലർമാരുടെ പക്കൽ വിൽക്കാതെ അവശേഷിക്കുന്നത്.

ജൂലായ് മാസത്തിൻറെ തുടക്കത്തിൽ 65 മുതൽ 67 ദിവസം വരെയാണ് വാഹന വിൽപനയ്ക്ക് സമയമെടുത്തിരുന്നത്. എന്നാൽ ഇപ്പോൾ വിൽപനയ്ക്കെടുക്കുന്ന സമയം 75 ദിവസം വരെ ഉയർന്നുവെന്ന് എഫ്എഡിഎ പ്രസിഡൻറ് മനീഷ് രാജ് സിംഗാനിയ പറയുന്നു. രാജ്യത്തെ പല ഡീലർമാരും തകർച്ച നേരിടാൻ ഇൻവെൻററിയിലെ വർദ്ധന കാരണമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരമാവധി 30 ദിവസത്തിനുള്ളിൽ വിൽപന പൂർത്തിയാക്കുന്ന തരത്തിൽ കമ്പനികൾ ഉത്പാദനം നിജപ്പെടുത്തണമെന്നും എഫ്എഡിഎ ആവശ്യപ്പെടുന്നു.

ജൂലായിൽ രാജ്യത്തെ യാത്രാ വാഹനങ്ങളുടെ വിൽപന 10 ശതമാനം ഉയർന്ന് 3,20,129 യൂണിറ്റുകളായെന്ന് എഫ്എഡിഎയുടെ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷം ഇതേ കാലയളവിനേക്കാൾ വിൽപനയിൽ 2.5 ശതമാനം ഇടിവാണുണ്ടായത്. ഡീലർമാരുടെ കൈവശമുള്ള സ്റ്റോക്ക് കുറയ്ക്കുന്നതിനായി ഫാക്റ്ററികളിലെ ഉത്പാദനത്തിൽ നിയന്ത്രണമേർപ്പെടുത്തുമെന്ന് മാരുതി മോട്ടോർ കോർപ്പറേഷൻ വ്യക്തമാക്കി. ഏപ്രിൽ മുതൽ ജൂൺ വരെയുള്ള ആദ്യ 3 മാസങ്ങളിൽ ഇന്ത്യയിലെ യാത്രാ വാഹനങ്ങളുടെ വിൽപന പ്രതീക്ഷിച്ച വളർച്ച നേടിയില്ലെന്നും കമ്പനി വ്യക്തമാക്കി.

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated MBA MCA
(5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY

# കാലത്തിന്റെ സ്വർണ്ണനൂൽ : ആഘോഷത്തിന്റെ 1200 വർഷങ്ങൾ

## പ്രദർശനം ഇന്ന് മുതൽ

**കൊച്ചി:** കേരളത്തിന്റെ കർഷക പാരമ്പര്യത്തെയും പുരാതന കൊല്ലവർഷം കലണ്ടറിനെയും അടയാളപ്പെടുത്തുന്ന കാലത്തിന്റെ സ്വർണ്ണനൂൽ : ആഘോഷത്തിന്റെ 1200 വർഷങ്ങൾ എന്ന പ്രദർശനം ഇന്ന് മുതൽ 31 (ആഗസ്റ്റ് 26 മുതൽ ആഗസ്റ്റ് 31 ) വരെ എറണാകുളം ദർബാർഹാൾ ആർട്ട് ഗ്യാലറിയിൽ നടക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 26 ന് വൈകുന്നേരം 04.30 ന് മന്ത്രി പി.രാജീവ് പ്രദർശനം ഉദ്ഘാടനം ചെയ്യും.

കൊല്ലവർഷം കലണ്ടറും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ആണിക്കല്ലായിരുന്ന കയർ ഉൽപ്പാദനവും അടിസ്ഥാനമാക്കി ഫോട്ടോഗ്രാഫിയും പെയിന്റിംഗും ചേർത്ത് തയ്യാറാക്കിയിട്ടുള്ള കലാസൃഷ്ടിയാണ് പ്രദർശനത്തിലുള്ളത്. മറന്നുപോയ മലയാള അക്കങ്ങളെ ഓർമ്മപ്പെടുത്തുകയെന്നതാണ് കൊല്ലവർഷ കലണ്ടറിലൂടെ ഉദ്ദേശിക്കുന്നത്. പഴയലിപിയിലുള്ള ഒന്നു മുതൽ ഒമ്പതുവരെയുള്ള അക്കങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയിരിക്കുന്ന കൊല്ലവർഷ കലണ്ടർ പുതിയ രീതിയിൽ തയ്യാറക്കി അവതരിപ്പിക്കുകയാണെന്ന് പ്രദർശനത്തിന്റെ ക്രിയേറ്റീവ് ഡയറക്ടറും ഫോട്ടോഗ്രാഫറുമായ ജിൻസൺ എബ്രഹാം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ചുവർചിത്ര കലാകാരന്മാരെ ഉപയോഗിച്ച് കൈകൊണ്ടു വരച്ചാണ് 12 മാസങ്ങൾ അടങ്ങിയ കൊല്ലവർഷ കലണ്ടർ നാലടി വലുപ്പമുള്ള ക്യാൻവാസിൽ തയ്യാറാക്കിയിരിക്കുന്നത്. ബിൽബോർഡ് കലാകാരന്മാരായ പ്രമോദ്,നരേന്ദ്രൻ, മനോജ് എന്നിവർ മുന്നാഴ്ചകൊണ്ടാണ് കലണ്ടർ വരച്ച് തയ്യാറാക്കിയത്. കയർ തൊഴിലാളികളോടുള്ള ആദരസുചകമായി കയർ ആണ് കലണ്ടറിന്റെ തീം ആയി എടുത്തിട്ടുള്ളത്. കയറിന്റെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട വിവിധ മേഖകളെ 12 ആയി തരം തിരിച്ച് 12 ചിത്രങ്ങളാണ് കലണ്ടറിലേക്കായി തയ്യാറാക്കിയിരിക്കുന്നതെന്നും ജിൻസൺ എബ്രാഹം പറഞ്ഞു. കോസ്റ്റ്യൂം ആന്റ് സ്റ്റൈലിംഗ ഡിസൈൻ ഹബേല ജോസഫും, ആർട്ട് ഡയറക്ഷൻ മാളവിക രാജീവും, മേക്കപ്പ് ലക്ഷ്മി വിനോദും കലണ്ടറിന്റെ ഉൽപ്പന്ന പാക്കേജിംഗ് നിർവ്വഹിച്ചിരിക്കുന്നത് നിധി ജേക്കബ്ബുമാണ്. ഹബേല ജോസഫ്, ലക്ഷ്മി വിനോദ്, നിധി ജേക്കബ്ബ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു



# സുഖദം സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി

**കൊച്ചി:** ജില്ലാ ആയുർവേദ ആശുപത്രിയും എസ്. ആർ.വി. ജി(എം) വൊക്കേഷണൽ ഹയർ സെക്കന്ററി മോഡൽ സ്കൂളിലെ നാഷണൽ സർവീസ് സ്കീമും സംയുക്തമായി ആയുർവേദ മെഡിക്കൽ ക്യാമ്പും ബോധവൽക്കരണവും നടത്തി. എം.എൽ.എ ടി.ജെ വിനോദ് ഉത്ഘാടനം നിർവഹിച്ചു. ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ ജിൻസി ജോസഫ്, വാർഡ് കൗൺസിലർ പത്മജ എസ് മേനോൻ, ക്യാമ്പ് കൺവീനർ ഡോ സിമി, ഡോ സഫ്ന ,ഡോ ഷംന ഡോ ലക്ഷ്മി, ഡോ. തസ്നി തുടങ്ങിയ ഡോക്ടർമാർ, പൊതുവിദ്യാഭ്യാസ സംരക്ഷണ സമിതി ജില്ലാ ചെയർമാൻ ടി.യു. സാദത്ത്, സ്റ്റാഫ് സെക്രട്ടറി അജിമോൻ പൗലോസ്, ലക്ഷ്മി സുധാകർ , സീനിയർ ഹൗസ് സർജൻസ്, ഫാർമസിസ്റ്റ് സാബു, അറ്റൻറർ ശിവദാസൻ എന്നിവർ ബോധവത്ക്കരണ ക്ലാസ്സിനും ക്യാമ്പിനും നേതൃത്വം നൽകി. തുടർചികിൽസയ്ക്കുള്ള സൗകര്യം കച്ചേരിപ്പടിയിലുള്ള ജില്ലാ ആയുർവേദ ആശുപത്രിയിൽ നിന്നും ലഭിക്കുന്നതാണ്.

# ഹരിത പ്രോട്ടോക്കോൾ ചട്ടങ്ങൾ കർശനമാക്കും: ആഡിറ്റോറിയം ഓണേഴ്സ് അസോസിയേഷൻ





അഡ്വ. റനീഫ് അഹമ്മദ്, മനീഷ് പി. മോഹനൻ

**ആലുവ:** ആഡിറ്റോറിയങ്ങളിൽ ഹരിത പ്രോട്ടോക്കോൾ നിബന്ധനങ്ങൾ കർശനമായി നടപ്പാക്കാൻ ആഡിറ്റോറിയം ഓണേഴ്സ് അസോസിയേഷൻ എറണാകുളം ജില്ലാ സമ്മേളനം തിരുമാനിച്ചു. പുനരുപയോഗിക്കാൻ കഴിയാത്ത കപ്പുകളും, പ്ലേറ്റുകളും 500 മില്ലിയിൽ താഴെയുള്ള കുടിവെള്ളക്കുപ്പികളും ഹാളുകളിൽ അനുവദിക്കില്ല.

കാറ്ററിങ്ങ് , സ്റ്റേജ് ,ഇവന്റ് മാനേജ്മെന്റ് എന്നിവയുമായി ബന്ധപ്പെട്ടുണ്ടാകുന്ന മാലിന്യങ്ങൾ അതത് കക്ഷികൾ തന്നെ ശാസ്ത്രീയമായി നീക്കം ചെയ്യണ്ടതാണ്.

ആലുവയിൽ കൂടിയ ജില്ലാ സമ്മേളനം സംസ്ഥാന പ്രസിഡന്റ് ടി.കെ.ജി. പണിക്കർ ഉദ്ഘാടനം ചെയ്തു.ജില്ലാ പ്രസിഡന്റ് ഇ.ജെ.പൗലോസ് ജില്ലാ സെക്രട്ടറി അഡ്വ റനീഫ് അഹമ്മദ്, സംസ്ഥാന കമ്മറ്റി അംഗങ്ങളായ എ.എ.കെ നസീർ, നാസറുദ്ദീൻ എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളായി അഡ്വ. റനീഫ് അഹമ്മദ് (ജില്ലാ പ്രസിഡന്റ്) , മനീഷ് പി.മോഹനൻ (ജില്ലാ സെക്രട്ടറി) ദീപു ജേക്കബ് (ട്രഷറർ), ബിജു ഹോർമിസ് (വൈസ് പ്രസിഡന്റ്), നിൽജോ തോമസ് ( ജോ. സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു.





# വയനാട് പുനർനിർമാണ വീടുകൾക്ക് ഫ്യുമയുടെ 3.5 കോടിയുടെ ഫർണിച്ചർ

## ആദ്യ ഘട്ടം കൈമാറി

**കോഴിക്കോട്:** വയനാട് ഉരുൾപൊട്ടൽ ദുരിത ബാധിതർക്ക് കേരളത്തിലെ ഫർണീച്ചർ നിർമ്മാണ വിതരണ റിട്ടേയിൽ രംഗത്തുള്ളവരുടെ കൂട്ടായ്മ ' ഫർണീച്ചർമാനുഫാച്ചേഴ്സ് ആന്റ് മർച്ചന്റ് അസോസിയേഷന്റെ കൈത്താങ്ങ്. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പുനർനിർമ്മിക്കുന്ന 400 വീടുകളിലേക്ക്അത്യാവിശ്യമായ ഫർണീച്ചർ നൽകാമെന്ന് മുഖ്യമന്ത്രിയ്ക്ക് ധാരണ പത്രം നൽകിയിരുന്നു.ഈ പശ്ചാത്തലത്തിൽ വയനാട് ജില്ലാ കലക്ടറുമായി ചർച്ച ചെയ്ത് പദ്ധതി നടപ്പിലാക്കുകയായിരുന്നുവെന്ന്ഫ്യൂമ സംസ്ഥാന പ്രസിഡന്റ് ടോമി പുലിക്കാട്ടിൽ പറഞ്ഞു.

പുതിയ വീട് നിർമ്മിക്കുന്ന മുറയ്ക്ക് 3 മാസത്തിനകം ഫർണിച്ചർ നൽകാനാണ് പദ്ധതിയിട്ടത് എന്നാൽ ആദ്യ ഘട്ടം വാടക വീട്ടിലേക്ക് ഫർണീച്ചർഅത്യാവശ്യം വേണമെന്ന് ജില്ലാ കലക്ടർ നിർദേശത്തെ തുടർന്ന് 5 ദിവസത്തിനകം സംഘടിപ്പിക്കുകയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.ഒരു വീട്ടിൽ 80,000 രൂപയുടെ ഫർണീച്ചർ വിതരണം ചെയ്യുന്നതാണ് പദ്ധതി.

രണ്ട് കട്ടിൽ, രണ്ട് ബെഡ് , 4 തലയിണ , ഒരു ഡൈനിങ് ടേബിൾ , നാല് കസേര , ഒരു അലമാര , മാറ്റ് എന്നിവ ഉൾപെടുന്നതാണ് ഒരു വീടിന്നൽകുക. മൊത്തം 3.5 കോടി രൂപയുടെ പദ്ധതിയാണിത് ആദ്യ ഘട്ടത്തിൽ 200 വീടുകൾക്കുള്ള ഫർണീച്ചർ വിവിധ ജില്ലകളിൽ നിന്നും 36 ട്രക്കുകളിലായി ഫർണീച്ചർ ഉൽപ്പന്നങ്ങൾതാമരശ്ശേരി പുല്ലാഞ്ഞിമേട് ഗ്രൗണ്ടിൽ എത്തിച്ചു .

ഫ്യൂമ സംസ്ഥാന പ്രസിഡന്റ് ടോമി പുലിക്കാട്ടിൽ ഫ്ലാഗ് ഓഫ് ചെയ്തു.

സംസ്ഥാന ജനറൽ സെക്രട്ടറി ഷാജി മൻഹർ , രക്ഷാധികാരികളായ റാഫി പുത്തൂർ, എംഎം മുസ്ഥഫ,സംസ്ഥാനസെക്രട്ടറി പ്രസീത് ഗുഡ്വെ,സെക്രട്ടറി ബിജു സ്റ്റാർ,ജില്ലാ പ്രസിഡന്റ് ഷെഹരിയാർ കേഫ്ക്കോഎന്നിവർ പ്രസംഗിച്ചു.

തുടർന്ന് കൽപ്പറ്റ സിവിൽ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ ജില്ലാ കലക്ടർ ഡോ മേഘശ്രീയ്ക്ക് കൈമാറി . ഫ്യൂമ സംസ്ഥാന പ്രസിഡന്റ് ടോമി പുലിക്കാട്ടിൽ അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി ഷാജി മൻഹർ , രക്ഷാധികാരികളായ റാഫി പുത്തൂർ, എം എം മുസ്ഥഫ, സെക്രട്ടറി ബിജു സ്റ്റാർ , വൈസ് പ്രസിഡന്റ് എം ഇ സഹജൻ, വയനാട് ജില്ലാ പ്രസിഡന്റ് ഹാരിസ് ഹൈടെക് എന്നിവർ പ്രസംഗിച്ചു.

# രഞ്ജിത്തിനെ ചലച്ചിത്ര അക്കാദമി ചെയർമാൻ സ്ഥാനത്ത് നിന്ന് നീക്കണം: കേരള സാംസ്കാരിക പരിഷത്ത്

**ആലുവ:** ലൈംഗിക ആരോപണ വിധേയനായ സംവിധായകനും സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാനുമായ രഞ്ജിത്തിനെ തൽസ്ഥാനത്ത് നിന്ന് നീക്കം ചെയ്യണമെന്ന് കേരള സാംസ്കാരിക പരിഷത്ത് ആവശ്യപ്പെട്ടു.സിനിമാ മേഖലയിൽ നിലനിൽക്കുന്ന സാംസ്കാരിക മൂല്യച്യുതി മലയാളികൾക്കാകെ അപമാനകരമാണ്. ഹേമ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കാൻ സർക്കാർ തയ്യാറാകണം. രാഷ്ട്രീയ സ്വാധീനത്തിൽ പ്രതികളെ രക്ഷപ്പെടുത്തുന്നതിനുള്ള നീക്കമാണ് നടക്കുന്നത്. ചില മന്ത്രിമാരും രാഷ്ട്രീയക്കാരും കുറ്റക്കാരെ സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നതെന്നും സംസ്കാരിക പരിഷത്ത് ജില്ലാ കമ്മിറ്റി ചൂണ്ടികാട്ടി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ആന്ധ്രപ്രദേശിൽ ആദ്യ ബ്രാഞ്ച് തുറന്ന് മുത്തൂറ്റ് മൈക്രോഫിൻ



**കൊച്ചി:** മുത്തൂറ്റ് മൈക്രോഫിൻ ആന്ധ്രപ്രദേശിൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. ഇതിൻറെ ഭാഗമായി ചോടവാരത്ത് ആദ്യത്തെ ബ്രാഞ്ച് തുറന്നു. മുത്തൂറ്റ് മൈക്രോഫിൻ സിഇഒ ഉദീഷ് ഉല്ലാസ്, മുത്തൂറ്റ് മൈക്രോഫിൻ സിഎച്ച്ആർഒ സുബ്രാൻസു പട്നായക് എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ഉദ്ഘാടന ചടങ്ങ്.പുതിയ ബ്രാഞ്ച് ആരംഭിച്ചതോടെ മുത്തൂറ്റ് മൈക്രോഫിനിൻറെ ശൃംഖല 20 സംസ്ഥാനങ്ങളിലേക്ക് വ്യാപിച്ചു.

വരുമാനം കുറഞ്ഞ കുടുംബങ്ങൾക്കും വനിതകളുടെ ഉടമസ്ഥതയിലുള്ള സംരംഭങ്ങൾക്കും ആവശ്യമായ സാമ്പത്തിക സഹായം നൽകി ശാക്തീകരിക്കാനാണ് പുതിയ ബ്രാഞ്ച് ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.വനിതാ സംരംഭകർക്ക് മുൻഗണന നൽകി വരുമാനം ഉണ്ടാക്കുന്ന വായ്പകളും സാമ്പത്തിക ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പിന്തുണയും നൽകും, അവരുടെ ചെറുകിട ബിസിനസുകൾ വളർത്താനും ഉപജീവനമാർഗം മെച്ചപ്പെടുത്താനും അതുവഴി സമൂഹത്തിൻറെ സമഗ്രമായ വളർച്ചയ്ക്ക് സംഭാവന നൽകാനും സഹായിക്കും. വനിതകളുടെ സാമ്പത്തിക ഉൾപ്പെടുത്തൽ പ്രോൽസാഹിപ്പിക്കുന്ന രീതിയിലാണ് സേവനങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദാഫ് സയീദ് പറഞ്ഞു.

# ജാവ 42 മോഡൽ അവതരിപ്പിച്ചു

**കൊച്ചി:** ജാവ യെസ്ഡി മോട്ടോർ സൈക്കിൾസ്, 2024 ജാവ 42 മോഡൽ വിപണിയിൽ അവതരിപ്പിച്ചു.1,72,942 രൂപയാണ് പുതിയ മോഡലിൻറെ പ്രാരംഭ വില.27.32 പിഎസ് പവറും 26.84 എൻഎം ടോർക്കും നൽകുന്ന പുതിയ 294 സിസി ജെ പാന്തർ ലിക്വിഡ്കൂൾഡ് എഞ്ചിനാണ് 2024 ജാവ 42ന് കരുത്തേകുന്നത്. പരിഷ്കരിച്ച എൻവിഎച്ച് ലെവൽസ്, ഗിയർ അധിഷ്ഠിത ത്രോട്ടിൽ മാപ്പിങ്, സുഗമമായ ഷിഫ്റ്റിങ് എന്നിവയും പ്രധാന സവിശേഷതയാണെന്ന് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് സഹസ്ഥാപകൻ അനുപം തരേജ പറഞ്ഞു.മെച്ചപ്പെടുത്തിയ ഗ്രൗണ്ട് ക്ലിയറൻസ്, റീട്യൂണ്ഡ് സസ്പെൻഷൻ , മെച്ചപ്പെടുത്തിയ സീറ്റ്, ബെസ്റ്റ്ഇൻ ക്ലാസ് ബ്രേക്കിങ് എന്നിവ സുരക്ഷയിലും റൈഡിങ്ങിലും പുതിയ മാനദണ്ഡം സൃഷ്ടിക്കും. ഡിജിറ്റൽ സ്പീഡോമീറ്റർ, ഓപ്ഷണൽ യുഎസ്ബി ചാർജിങ്ങുമാണ് മറ്റു പ്രധാന സവിശേഷതകൾ . 42ലേറെ നവീകരണങ്ങൾ പുതിയ മോഡലിൽ വരുത്തിയിട്ടുണ്ട്. വേഗ വൈറ്റ്, വോയേജർ റെഡ്, ആസ്റ്ററോയിഡ് ഗ്രേ, ഒഡീസി ബ്ലാക്ക്, നെബുല ബ്ലൂ, സെലസ്റ്റിയൽ കോപ്പർ മാറ്റ് എന്നീ 6 പുതിയ ബോൾഡ് നിറങ്ങൾക്കൊപ്പം 14 ശ്രദ്ധേയമായ നിറഭേദങ്ങളിലാണ് 2024 ജാവ 42 വിപണിയിൽ എത്തുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# ആക്സിസ് ബാങ്ക് മുതിർന്ന പൗരൻമാർക്കായുള്ള ആഗോള ദിനം ആഘോഷിച്ചു

**കൊച്ചി:** ആക്സിസ് ബാങ്ക് രാജ്യത്തെ 5430ൽ ഏറെ ബ്രാഞ്ചുകളിൽ മുതിർന്ന പൗരൻമാർക്കായുള്ള ആഗോള ദിനം ആഘോഷിച്ചു. ഇതിൻറെ ഭാഗമായി മ്യൂചൽ ഫണ്ടുകൾ, എസ്ഐപി, ടേം നിക്ഷേപങ്ങൾ, മറ്റ് പ്രത്യേക സാമ്പത്തിക സേവനങ്ങൾ തുടങ്ങിയവയെ കുറിച്ചുള്ള ബോധവൽക്കരണം നടത്തി. മുതിർന്ന പൗരൻമാരുടെ സവിശേഷമായ ആവശ്യങ്ങൾക്ക് അനുസൃതമായ സിൽവർ ലൈനിങ് പ്രോഗ്രാമിനെ കുറിച്ചുള്ള അവബോധ പ്രവർത്തനങ്ങളും നടത്തി.

പ്രത്യേകമായ റിലേഷൻഷിപ്പ് മാനേജർ, അപ്പോളോ ഫാർമസിയിൽ 15 ശതമാനം വരെയും നിരവധി രോഗനിർണയ കേന്ദ്രങ്ങളിൽ 20 ശതമാനം വരെയും ഇളവ്, ആക്സിസ് ബാങ്ക് ടേം നിക്ഷേപങ്ങളിൽ 0.75 ശതമാനം വരെ ഉയർന്ന പലിശ നിരക്ക്, ട്രാവൽ എഡ്ജ് വഴിയുള്ള വിമാന ടിക്കറ്റ് ബുക്കിങിന് സീറോ കൺവീനിയൻസ് ചാർജും ആഭ്യന്തര വിമാന ടിക്കറ്റുകൾക്ക് 1500 രൂപയുടെ കോംപ്ലിമെൻററി വൗച്ചറും, ആറു മാസത്തേക്കുള്ള സോണി ലിവ് കോംപ്ലിമെൻററി അംഗത്വം തുടങ്ങിയവ ഇതിൻറെ ഭാഗമായി ലഭിക്കും. ഉപഭോക്താക്കൾക്ക് സാമ്പത്തിക സേവനങ്ങൾക്കും അപ്പുറത്തുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിലാണ് ആക്സിസ് ബാങ്ക് വിശ്വസിക്കുന്നതെന്ന് ആക്സിസ് ബാങ്ക് പ്രസിഡൻറും ബ്രാഞ്ച് ബാങ്കിങ് മേധാവിയുമായ അർണിക ദിക്ഷിത്ത് പറഞ്ഞു.

# ഫാസ്റ്റ്ട്രാക്ക് സ്മാർട്ട് മെറ്റൽ സീരീസ് സ്മാർട്ട് വാച്ചുകൾ അവതരിപ്പിച്ചു




**കൊച്ചി:** ഫാസ്റ്റ്ട്രാക്ക് സ്മാർട്ട് പുതിയ മെറ്റൽ സീരീസ് സ്മാർട്ട് വാച്ചുകൾ വിപണിയിലവതരിപ്പിച്ചു. ഏറ്റവും പുതിയ സാങ്കേതികവിദ്യയോടു കൂടിയ സ്റ്റൈലീഷ് മെറ്റാലിക് സ്മാർട്ട് വാച്ചുകളുടെ നിരയാണ് മെറ്റൽ സീരീസ് ശേഖരത്തിലുള്ളതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.പ്രീമിയം മെറ്റാലിക് സൗന്ദര്യത്തിനൊപ്പം അത്യാധുനിക സാങ്കേതികവിദ്യയും ഒത്തുചേരുന്നവയാണ് മെറ്റൽ സീരീസ് വാച്ചുകൾ. പ്രീമിയം ഗ്രേഡ് മെറ്റലിലാണ് ഈ സ്മാർട്ട് വാച്ചുകൾ നിർമ്മിച്ചിരിക്കുന്നത്. സ്റ്റെയിൻലെസ്സ്റ്റീൽ സ്ട്രാപ്പാണ് നൽകിയിരിക്കുന്നത്. ആധുനിക ചിപ്പുകൾ. മിഴിവാർന്ന അമോലെഡ് ഡിസ്പ്ലേകൾ, ഇമ്മേഴ്സീവ് യുഐ എക്സ്പീരിയൻസ്, മെച്ചപ്പെട്ട ദൃശ്യ അനുഭവം തുടങ്ങിയ മികവുകളോടെയാണ് മെറ്റൽ സീരീസ് വാച്ചുകളെത്തുന്നത്. ഫാസ്റ്റ്ട്രാക്ക് സ്മാർട്ട് വാച്ചുകൾക്കായി കസ്റ്റമൈസ് ചെയ്ത അടുത്ത തലമുറ സെൻസറുകളാണ് ഈ വാച്ചുകളിലുള്ളത്.സ്റ്റൈലും സാങ്കേതികവിദ്യയും സവിശേഷമായി സംയോജിപ്പിച്ച് ഫാസ്റ്റ്ട്രാക്ക് സ്മാർട്ട് യുവ ഫാഷനെ പുനർനിർവചിച്ചിരിക്കുകയാണന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് സെയിൽസ് ആൻറ് മാർക്കറ്റിംഗ്വെയറബിൾസ് മേധാവി ആദിത്യ രാജ് പറഞ്ഞു. ഫാസ്റ്റ്ട്രാക്ക് മെറ്റൽ സീരീസ് വാച്ചുകൾ ടൈറ്റൻ വേൾഡ്, ഫാസ്റ്റ്ട്രാക്ക് സ്റ്റോറുകൾ, ഷോപ്പേഴ്സ് സ്റ്റോപ്പ്, ലൈഫ്സ്റ്റൈൽ, പൈ ഇൻറർനാഷണൽ, അംഗീകൃത മൾട്ടിബ്രാൻഡ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവിടങ്ങളിലും ലഭിക്കും.

# ഇകോസ് ഇന്ത്യ മൊബിലിറ്റി ആൻഡ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡ് ഐപിഒ 28 മുതൽ

**കൊച്ചി:** ഇകോസ് ഇന്ത്യ മൊബിലിറ്റി ആൻഡ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ആഗസ്റ്റ് 28 മുതൽ 30 വരെ നടക്കും. പ്രമോട്ടർമാരുടെ ഓഹരി ഒന്നിന് രണ്ട് രൂപ മുഖവിലയുള്ള 1.8 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഓഹരി ഒന്നിന് 318 രൂപ മുതൽ 334 രൂപ വരെയാണ് പ്രൈസ് ബാൻഡ്നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 44 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 44 ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



സൊസൈറ്റി ടുഡേ
SOCIETY TODAY




# കാൻഡിയറിന്റെ കേരളത്തിലെ ആദ്യ ഷോറൂം തൃശൂരിൽ തുറന്നു

**കൊച്ചി:** കല്യാൺ ജൂവലേഴ്സിൻറെ ലൈഫ്സ്റ്റൈൽ ജൂവലറി ബ്രാൻഡായ കാൻഡിയറിൻറെ കേരളത്തിലെ ആദ്യ ഷോറൂം തൃശൂരിൽ തുറന്നു. തൃശൂർ പാറമേക്കാവ് അമ്പലത്തിനോട് ചേർന്നുള്ള ദീപാഞ്ജലി കോംപ്ലക്സിലെ കാൻഡിയർ ഷോറൂം കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർമാരായ രാജേഷ് കല്യാണരാമൻ, രമേഷ് കല്യാണരാമൻ, കല്യാൺ ഡെവലപ്പേഴ്സ് മാനേജിംഗ് ഡയറക്ടർ കാർത്തിക് ആർ എന്നിവരും പങ്കെടുത്തു.കേരളത്തിൻറെ സാംസ്കാരിക തലസ്ഥാനവും കല്യാൺ ജൂവലേഴ്സിൻറെ ജന്മസ്ഥലവുമായ തൃശൂരിൽ തന്നെ കാൻഡിയറിൻറെ കേരളത്തിലെ ആദ്യ ഷോറൂം തുറക്കുന്നതിൽ ഞങ്ങൾ അതീവ സന്തുഷ്ടരാണെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു.

കേരളത്തിലേക്ക് കാൻഡിയറിനെ കൊണ്ടുവരുന്നത് ഞങ്ങളുടെ ഉപഭോക്താക്കൾക്ക് വൈവിധ്യമാർന്ന ആഭരണ ശ്രേണി വാഗ്ദാനം ചെയ്യുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. കാൻഡിയറിൻറെ ആഭരണ ശേഖരം ഇന്നത്തെ ഫാഷൻ തൽപരരായ ഉപയോക്താക്കളുടെ മുൻഗണനകളുമായി യോജിച്ചു പോകുന്നവയാണെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിലെ ആദ്യ ഷോറൂമിൻറെ ഉദ്ഘാടനത്തിൻറെ ഭാഗമായി കാൻഡിയർ പ്രത്യേകമായ ഡിസ്ക്കൗണ്ടുകളും നൽകുന്നുണ്ട്. സോളിറ്റയറുകളുടെ സ്റ്റോൺ മൂല്യത്തിൽ 30 ശതമാനം ഇളവ്, ഡയമണ്ട് സ്റ്റോൺ മൂല്യത്തിൽ 20 ശതമാനം ഇളവ്, പ്ലാറ്റിനം പണിക്കൂലിയിൽ 55 ശതമാനം വരെ ഇളവ് എന്നിവയാണ് ഇളവുകൾ.കാൻഡിയറിനെക്കുറിച്ചും അതിൻറെ ആഭരണ ശേഖരത്തെക്കുറിച്ചും നിലവിലുള്ള ഓഫറുകളെക്കുറിച്ചും അറിയുന്നതിന് www.candere.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.



# ഭാരത്ബെൻസ് ഹെവിഡ്യൂട്ടി റിജിഡ് ട്രക്കുകൾ അവതരിപ്പിച്ചു

**കൊച്ചി :**ഡെയ്ംലർ ട്രക്ക് എ.ജി.യുടെ (‘ഡെയ്ംലർ ട്രക്ക്‘) പൂർണ്ണ ഉടമസ്ഥതയിലുള്ള ഡൈംലർ ഇന്ത്യ കൊമേഴ്സ്യൽ വെഹിക്കിൾസ് (ഡി.ഐ.സി.വി.) ഭാരത്ബെൻസിൽ നിന്നുള്ള പുതിയ ശ്രേണിയിലുള്ള ഹെവിഡ്യൂട്ടി റിജിഡ് ട്രക്കുകൾ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. മുന്തിയ വിശ്വാസ്യതയ്ക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന റിജിഡ്സിൻറെ പുതിയ ശ്രേണി, ഒരു പുതുപുത്തൻ ഭാരത്ബെൻസ് ബി.എസ്.വി.ഐ.സ്റ്റേജ്2 6.7ലിറ്റർ ഡീസൽ എഞ്ചിനിലാണ് പ്രവർത്തിക്കുന്നത്, കൂടാതെ നിലവിലുള്ള വിവിധ പേലോഡ് ആപ്ലിക്കേഷനുകൾക്കു പുറമേ, ബിറ്റുമെൻ, ബൾക്കർ, പെട്രോളിയം, ഓയിൽ & ലൂബ്രിക്കൻറ്സ് (പി.ഒ.എൽ.) പോലുള്ള പുതിയ പേലോഡ് ആപ്ലിക്കേഷനുകളും വാഗ്ദാനം ചെയ്യുന്നതായി കമ്പനി അധികൃതർ വ്യക്തമാക്കി.




## കെ എം എ ലീഡർ ഇൻസൈറ്റ് പ്രഭാഷണം

# വിശ്വാസ്യത പ്രധാനമെന്ന് ജയറാം ഈശ്വരൻ

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ എം എ) ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെഭാഗമായി കായികമേഖലയിലെ നേതൃത്വ ഉൾക്കാഴ്ചകളെ കുറിച്ച് എഴുത്തുകാരനും കൺസൾട്ടന്റും ജിൻഡാൽസ്റ്റെയിൻലസ് ലിമിറ്റഡ് സ്വതന്ത്ര ഡയറക്ടറുമായ ജയറാം ഈശ്വരൻ പ്രഭാഷണം നടത്തി.സ്മാർട്ട് ആയുള്ള മാനേജർമാർക്ക് ഏതൊരു പ്രസ്ഥാനവും അതിവേഗം വളർച്ചയിലേക്ക് നയിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

കായികമേഖലയിൽ നേതൃത്വപാടവം തികച്ചും വ്യത്യസ്തമാണ്. കോർപ്പറേറ്റ്മേഖലയിലായാലും കായിക മേഖലയിലായാലും വിശ്വാസ്യത ഏറെ പ്രധാനമാണ്. ടീമംഗങ്ങളെ ഒരുമിച്ചുനിർത്തുക എന്നത് മാത്രമല്ല പരസ്പരം അംഗീകരിക്കാനും ഓരോരുത്തരുടെയും കഴിവ് തിരിച്ചറിഞ്ഞ് അവരെപരിശീലിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ഒരു കോച്ചിന് കഴിയണം. ഒരു കമ്പനിയുടെ ഭാഗമാകുമ്പോൾ വിജയംമാത്രമായിരിക്കണം മുന്നിലുള്ളത്. ടീം സ്പിരിറ്റ് കാത്തുസൂക്ഷിക്കാൻ ജാഗ്രത പുലർത്തിയാൽ മാത്രമേനേതൃത്വപാടവം അംഗീകരിക്കപ്പെടുകയുള്ളു. ശക്തമായ തീരുമാനങ്ങൾ എടുക്കാൻ മടിക്കരുതെന്നും അദ്ദേഹംഓർമ്മപ്പെടുത്തി. അറിവ് വർധിപ്പിക്കാൻ ഇപ്പോഴും ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ ഗിവ് ആൻഡ് ടേക്ക് എന്നപോളിസി എപ്പോഴും മനസിലുണ്ടാകണമെന്നും ജയറാം ഈശ്വരൻ പറഞ്ഞു.കെ എം എ പ്രസിഡൻറ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡൻറ് അൾജിയേഴ്സ് ഖാലിദ്, ഓണററി സെക്രട്ടറി ഡോ. അനിൽ ജോസഫ് എന്നിവർ സംസാരിച്ചു.

# ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്കിന് കളമശ്ശേരിയിൽ ബ്രാഞ്ച്



**കൊച്ചി:** ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് (ഉത്കാർഷ് എസ്എഫ്ബിഎൽ) കളമശ്ശേരിയിൽ തങ്ങളുടെ പുതിയ ബ്രാഞ്ച് ഉദ്ഘാടനം ചെയ്തു. ഇതോടെ കേരളത്തിൽ മൊത്തം 7 ബാങ്കിങ് ഔട്ട്ലെറ്റുകളും രാജ്യത്തുടനീളം 936 ഔട്ട്ലെറ്റുകളുമായി ബാങ്ക് നെറ്റവർക്ക് വിപുലപ്പെടുത്തി. സേവിങ്സ്, കറന്റ് അക്കൗണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, റിക്കറിങ് ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെടുന്ന സാമ്പത്തിക ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഒരു നിര തന്നെ ഉപഭോക്താക്കൾക്ക് നൽകാൻ ബാങ്കിന് കഴിയും. ഉപഭോക്താക്കളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനായി, ഭവന വായ്പകൾ, ബിസിനസ് ലോണുകൾ, വസ്തുവിന് മേലുള്ള വായ്പകൾ എന്നിങ്ങനെ വിവിധ വായ്പാ ഉൽപ്പന്നങ്ങളും ബാങ്ക് വാഗ്ദാനം ചെയ്യുന്നു.കേരളത്തിൽ തങ്ങളുടെ ബാങ്കിങ് ശൃംഖല വിപുലീകരിക്കുന്നതിൽ ഏറെ സന്തുഷ്ടരാണെന്ന് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ ഗോവിന്ദ് സിങ് പറഞ്ഞു.

ബാങ്കിങ് ഔട്ട്ലെറ്റ് ഇൻഫ്രാസ്ട്രക്ചർ, ഡിജിറ്റൽ ബാങ്കിങ് ശേഷി, എടിഎം നെറ്റ്വർക്ക് എന്നിവ ഉപയോഗിച്ച് സംയോജിത ഉപഭോക്തൃ സേവനവും ബാങ്ക് വാഗ്ദാനം ചെയ്യുന്നു. ഇതുകൂടാതെ, ഇന്റർനെറ്റ് ബാങ്കിങ്, മൊബൈൽ ബാങ്കിങ്, യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (യുപിഐ), കോൾ സെന്റർ എന്നിങ്ങനെ ഒന്നിലധികം മാർഗങ്ങളും ബാങ്ക് വാഗ്ദാനം ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# പെഡൽ സ്പോർട്ട്സ്: പാർത്ഥ് ജിൻഡാലിന്റെ നിക്ഷേപം

**കൊച്ചി;** രാജ്യത്ത് പെഡൽ സ്പോർട്ട്സിനായി സമഗ്ര നീക്കങ്ങൾ നടത്തുന്ന പെഡൽപാർക്ക് ഇന്ത്യയിൽ ജെഎസ്ഡബ്ല്യു സ്പോർട്ട്സ് ആൻറ് ഇൻസ്പൈർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്ട് സ്ഥാപകൻ പാർത്ഥ് ജിൻഡാൽ പുതിയ നിക്ഷേപങ്ങൾ നടത്തി.മെക്സിക്കോയിൽ വേരുകളുള്ള പെഡൽ സ്പോർട്ട്സ് കഴിഞ്ഞ ഏതാനും വർഷങ്ങളായി യൂറോപ്പിലും ലോകത്തിൻറെ മറ്റു ഭാഗങ്ങളിലും വൻ ജനപ്രീതി നേടിക്കൊണ്ടിരിക്കുകയാണ്. 2016ൽ ലോകത്താകെ 10,000ത്തോളം കോർട്ടുകളുണ്ടായിരുന്നത് 2024ൽ 50,000 ആയി ഉയർന്നു. കഴിഞ്ഞ വർഷം ലോകത്ത് പുതിയ 2500 പെഡൽ ക്ലബ്ബുകളാണ് ആരംഭിച്ചത്. 2.2 ബില്യൺ ഡോളറിൻറെ വ്യവസായമായാണ് പെഡൽ മേഖല കണക്കാക്കപ്പെടുന്നത്. പെഡൽ ഭാവിയിൽ ഒരു ഒളിമ്പിക് ഇനമാകുമെന്ന കാര്യത്തിൽ സംശയമില്ലെന്നും സൗകര്യങ്ങൾ വികസിപ്പിക്കാൻ പെഡൽപാർക്ക് ശ്രമിക്കുകയാണെന്നും ജെഎസ്ഡബ്ല്യു സ്പോർട്ട്സ് & ഐഐഎസ് സ്ഥാപകൻ പാർത്ഥ് ജിൻഡാൽ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# കേരള താളി ഹെയർ കെയർ ശ്രേണി അവതരിപ്പിച്ച് മാമാഎർത്ത്

**കൊച്ചി:** പുതിയ കേരള താളി ഹെയർ കെയറിന്റെ ശ്രേണി പുറത്തിറക്കി മാമാഎർത്ത്. കേരളത്തിന്റെ സമ്പന്നവും പ്രകൃതിദത്തവുമായ സാംസ്കാരിക പൈതൃകത്തിനുള്ള ആദരവായ ശ്രേണി, സമഗ്രമായ മുടി സംരക്ഷണത്തിൽ പ്രകൃതിയുടെ ഏറ്റവും മികച്ച നന്മകൾ ഒരുമിച്ച് കൊണ്ടുവരുന്നു. പരമ്പരാഗത കേരള താളിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, വൈവിധ്യമാർന്നതും പോഷകപ്രദവുമായ ചേരുവകളുടെ സമന്വയമാണ് പുതിയ ഹെയർ കെയർ ശ്രേണി. കേശസംരക്ഷണത്തിൽ കാലാകാലങ്ങളായി പരീക്ഷിച്ച് പേരുകേട്ട ചെമ്പരത്തി, ഷിക്കക്കൈ, നെല്ലിക്ക എന്നിവ പോലെയുള്ള പ്രകൃതിദത്ത ചേരുവകളോടെയാണ് ഈ ശ്രേണി തയ്യാറാക്കിയിരിക്കുന്നത്.കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യങ്ങളെ ബഹുമാനിക്കുന്നതോടൊപ്പം, കരുത്തും തിളക്കവും നൽകി മുടി വർദ്ധിപ്പിക്കുന്നതിനാണ് ഈ ശേഖരം തയ്യാറാക്കിയിരിക്കുന്നത്. മൾട്ടിനാഷണൽ കമ്പനികൾ പലപ്പോഴും തങ്ങളുടെ ഉൽപ്പന്നങ്ങൾ വിവിധ രാജ്യങ്ങൾക്കനുസൃതമായി തയ്യാറാക്കുന്ന വിപണിയിൽ, ഇന്ത്യൻ രീതികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് മാമാഎർത്ത് എന്ന് ഹൊനാസ കൺസ്യൂമർ ലിമിറ്റഡിന്റെ സഹസ്ഥാപകനും ചീഫ് ഇന്നൊവേഷൻ ഓഫീസറുമായ ഗസൽ അലഗ് പറഞ്ഞു.



# പുതിയ പാഠ്യപദ്ധതി അക്കാദമിക് നിലവാരത്തിനും അധ്യാപനരീതിയ്ക്കും ഊന്നൽ നൽകും: മന്ത്രി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ (കുസാറ്റ്)വച്ച് നടന്ന നാലുവർഷത്തെ ഡിഗ്രി പ്രോഗ്രാമിന്റെ അവലോകനയോഗത്തിൽമന്ത്രിആർ.ബിന്ദു വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർമാരുമായി സംവദിച്ചു. സർവകലാശാല സിൻഡിക്കേറ്റ് ഹാളിൽ വിളിച്ചു ചേർത്ത യോഗത്തിൽ വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർമാരും രജിസ്ട്രാർമാരും മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു. നാല് വർഷ ബിരുദം അടക്കമുള്ള, സംസ്ഥാനത്തിന്റെ അക്കാദമിക് മേഖലയെ പരിവർത്തനം ചെയ്യുന്നതിനായി മുന്നോട്ട് വച്ച, പുതിയ പദ്ധതികളെക്കുറിച്ചുള്ള ചർച്ചകൾനടന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇഷിതാ റോയ്, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ രാജൻ വർഗീസ്, കുസാറ്റ് വൈസ് ചാൻസലർ ഡോ പി ജി ശങ്കരൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു.'റൂസ, കിഫ്ബി, പ്ലാൻ ഫണ്ട് എന്നിവയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിലൂടെ ഉന്നതവിദ്യാഭ്യാസരംഗത്ത് സമഗ്രമായ പരിഷ്കാരങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്,' മന്ത്രി ഡോ.ആർ.ബിന്ദു പറഞ്ഞു. 'അനുഭവാത്മകമായ പഠനത്തിന് സഹായകമാകുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുന്നതിലൂടെ അദ്ധ്യാപനത്തിനും അദ്ധ്യയനത്തിനും ഊന്നൽ നൽകുന്ന പരിഷ്കരണങ്ങൾ നടപ്പിലാക്കും. അറിവും നൈപുണ്യവികസനവും ഉൾപ്പെടുത്തുക മാത്രമല്ല, വിദ്യാർത്ഥികൾക്കിടയിലെ ആന്തരികസമ്മർദ്ദം കുറയ്ക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കും, മന്ത്രി പറഞ്ഞു




# മൈത്രി അഡ്വർടൈസിംഗ് വർക്സിന് തുടർച്ചയായ മൂന്നാംതവണയും ഏജൻസി ഓഫ് ദി ഇയർ പുരസ്കാരം

**കൊച്ചി:** എക്സ്ചേഞ്ച് ഫോർ മീഡിയ ഗ്രൂപ്പ് ഏർപ്പെടുത്തിയിട്ടുള്ള ഇൻഡ്യൻ മാർക്കറ്റിംഗ് അവാർഡ്സിന്റെ ദക്ഷിണേന്ത്യൻ പതിപ്പിൽ തുടർച്ചയായ മൂന്നാംതവണയും 'ഏജൻസി ഓഫ് ദി ഇയർ' അവാർഡിന് മൈത്രി അഡ്വർടൈസിംഗ് വർക്സ് അർഹരായി. അഞ്ച് സ്വർണവും അഞ്ച് വെള്ളിയും മൂന്ന് വെങ്കലവും ഉൾപ്പെടെ 13 മെഡലുകളാണ് മൈത്രിക്ക് ലഭിച്ചത്. ദക്ഷിണേന്ത്യയിലെ കമ്യൂണിക്കേഷൻ ഏജൻസികളിൽ മൈത്രിക്കുള്ള മേൽക്കൈ ഒരിക്കൽകൂടി തെളിയിക്കാൻ ഈ പുരസ്കാര ലബ്ധിയിലൂടെ സാധിച്ചതായി ചെയർമാൻ സി.മുത്തു പറഞ്ഞു.

നെറ്റ്ഫ്ളിക്സിനു വേണ്ടി ചെയ്ത ഷക്കീലാസ് ഡ്രൈവിംഗ് സ്കൂൾ ഡിജിറ്റൽ മാർക്കറ്റിംഗ്, ബ്രാൻഡഡ് കണ്ടന്റ് സോഷ്യൽ ഇംപാക്ട് വിഭാഗങ്ങളിലും മാതൃഭൂമി ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് ലെറ്റേഴ്സിനു വേണ്ടി ചെയ്തവ ഓമ്നി ചാനൽ മാർക്കറ്റിംഗ്, ഇന്റഗ്രേറ്റഡ് മാർക്കറ്റിംഗ് എഡ്യൂക്കേഷൻ വിഭാഗങ്ങളിലും ലാസ ഐസ്ക്രീമിന്റെ റിപ്പബ്ലിക് ഓഫ് ഹാപ്പിനസ്, ബെസ്റ്റ് മാർക്കറ്റിംഗ് ക്യാംപെയ്ൻ ഓഫ് ദ ഇയർ വിഭാഗത്തിലും സ്വർണ മെഡലുകൾ നേടി. എവിടി പ്രീമിയം ചായ, കപ്പ ടി.വി, ഏഷ്യാനെറ്റ് ബിഗ് ബോസ്, ബ്രാഹ്മിൻസ് എന്നിവയ്ക്കായി ചെയ്ത പരസ്യങ്ങളാണ് മറ്റു വിഭാഗങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾക്ക് അർഹമായത്.

ദക്ഷിണേന്ത്യ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയാണ് ഇഫോർഎം ഐഎംഎ സൗത്ത് അവാർഡുകൾക്കായി പരിഗണിക്കുന്നത്.

ബ്രാൻഡ് ബിൽഡിംഗ്, കമ്യൂണിക്കേഷൻ, സ്പെഷ്യൽ മാർക്കറ്റിംഗ്, സ്റ്റാർട്ടപ്പുകളും എമർജിംഗ് പ്ലേയേഴ്സും, എക്സലൻസ് അല്ലെങ്കിൽ സ്പെഷ്യൽ റെക്കഗ്നേഷൻ എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളിലായി വിവിധ ഉപവിഭാഗങ്ങളിലെ പ്രകടനം പരിഗണിച്ച് മാർക്കറ്റിംഗ്, പരസ്യ മേഖലയിലെ പ്രമുഖ വ്യക്തികളടങ്ങുന്ന ജൂറിയാണ് പുരസ്കാരജേതാക്കളെ നിശ്ചയിക്കുന്നത്.

മികച്ച ആശയങ്ങളും സർഗാത്മകതയും പ്രതിബദ്ധതയും സമയനിഷ്ഠയും പാലിച്ച് പരസ്യമേഖലയിലെ പുതിയ പ്രവണതകൾക്കനുസരിച്ച് രൂപംകൊടുത്ത ബ്രാൻഡിംഗ് ഉൽപന്നങ്ങളിലൂടെയാണ് തുടർച്ചയായി മൂന്നുതവണ ഏജൻസി ഓഫ് ദി ഇയറാകാൻ മൈത്രിക്ക് സാധിച്ചതെന്ന് മാനേജിംഗ് ഡയറക്ടർ രാജു മേനോൻ പറഞ്ഞു.

പരസ്യദാതാക്കൾ തങ്ങളിലർപ്പിച്ചിട്ടുള്ള വിശ്വാസം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ് ഈ അവാർഡുകളെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.



കേണൽ ബേബി മാത്യു ഫൗണ്ടേഷൻ പാലായിൽ ലഫ്റ്റനൻറ് ജനറൽ മൈക്കിൾ മാത്യൂസ് ഉദ്ഘാടനം ചെയ്യുന്നു. തരുൺ മാത്യു, റെൻസി മാത്യു, തുഷാര, എബി ജെ ജോസ്, ജോസ് പാറേക്കാട്ട്, ഫാ ജോസഫ് തടത്തിൽ, സന്തോഷ് ജോർജ് കുളങ്ങര, ബ്രിഗേഡിയർ ഒ എ ജെയിംസ്, ജോൺസൺ പാറൻകുളങ്ങര, കേണൽ ജഗദീഷ്, സെബി പറമുണ്ട, തോമസ് പീറ്റർ, ജോസ് ചീരാംകുഴി എന്നിവർ സമീപം.

# ദേശീയതയുടെ പ്രഥമപാഠം രാജ്യസ്നേഹം: ലഫ്റ്റനന്റ് ജനറൽ മൈക്കിൾ മാത്യൂസ്

**പാലാ:** ദേശീയതയുടെ പ്രഥമപാഠം രാജ്യസ്നേഹമാണെന്ന് ലഫ്റ്റനൻറ് ജനറൽ മൈക്കിൾ മാത്യൂസ് . പാലായിൽ കേണൽ ബേബി മാത്യു ഫൗണ്ടേഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വജീവിതത്തെക്കാൾ വലുത് രാജ്യസ്നേഹമാണെന്ന് തെളിയിച്ച മഹത് വ്യക്തിത്വമായിരുന്നു കേണൽ ബേബി മാത്യുവെന്നും അദ്ദേഹം പറഞ്ഞു. യുദ്ധമേഖലകളിൽ നിർഭയനായി പോരാടി സൈനികർക്കു ആത്മധൈര്യം പകർന്ന യോദ്ധാവായി പ്രവർത്തിച്ച് കർമ്മമേഖലകളെ സമ്പന്നമാക്കിയ പോരാളിയായിരുന്നു അദ്ദേഹം ചൂണ്ടിക്കാട്ടി.

ദേശസ്നേഹം ഒരു വികാരമായി പുതുതലമുറയിൽ വളർത്തിയെടുക്കണമെന്നും കാർഗിൽ യുദ്ധത്തിൽ ജൂബാർ ഹിൽസിൽ നിന്നും പാകിസ്ഥാൻ സൈന്യത്തെ തുരത്താൻ നിർണ്ണായക പങ്ക് വഹിച്ചത് കേണൽ ബേബി മാത്യുവിന്റെ നേതൃത്വത്തിലുള്ള റെജിമെന്റായിരുന്നുവെന്നും അനുസ്മരണ പ്രഭാഷണം നടത്തിയ ലോകസഞ്ചാരി സന്തോഷ് ജോർജ് കുളങ്ങര പറഞ്ഞു.

ചെയർമാൻ ജോൺസൺ പാറൻകുളങ്ങര അധ്യക്ഷത വഹിച്ചു. ഫാ ജോസഫ് തടത്തിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ജോസ് പാറേക്കാട്ട്, വൈസ് ചെയർമാൻ എബി ജെ ജോസ്, ജോയിന്റ് സെക്രട്ടറി സെബി പറമുണ്ട, മുനിസിപ്പൽ കൗൺസിലന്മാരായ തോമസ് പീറ്റർ, ജോസ് ചീരാംകുഴി, ബ്രിഗേഡിയർ ഒ എ ജെയിംസ്, കേണൽ ജഗദീഷ് എന്നിവർ പ്രസംഗിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



കേന്ദ്ര സർക്കാരിന്റെ സയൻസ് ആൻഡ് എൻജിനിയറിങ് റിസർച്ച് ബോർഡുംഅങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജും സംയുക്തമായി സംഘടിപ്പിക്കുന്ന ഐസിഎഇഎംഎസ് 2024 അന്തർദേശിയ അപ്പോളോ ടയേഴ്സ് ഗവേഷണ വിഭാഗം മുൻ മേധാവി പി കെ മുഹമ്മദ് ഉത്ഘാടനം ചെയുന്നു. ഡോ സോനാ നാരായണൻ, ഹണിമോൾ പി ചാക്കോ, പി ആർ ഷിമിത്ത്, ഡോ ജേക്കബ് തോമസ്, ഡോ പി ആർ മിനി , ഡോ കീർത്തി ജി നായർ തുടങ്ങിവർ സമീപം

# ഐസിഎഇഎംഎസ് 2024 അന്തർദേശിയ സമ്മേളനത്തിന് ഫിസാറ്റ് വേദിയായി

**കൊച്ചി:** പുനരുപയോഗിക്കാവുന്ന ഉർജ്ജസ്ത്രോതസുകളുടെ സാദ്ധ്യതകൾ തേടി കേന്ദ്ര സർക്കാരിൻറെ സയൻസ് ആൻഡ് എൻജിനിയറിങ് റിസർച്ച് ബോർഡുംഅങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജും സംയുക്തമായി സംഘടിപ്പിക്കുന്ന ഐസിഎഇഎംഎസ് 2024 അന്തർദേശിയ സമ്മേളനത്തിന് ഫിസാറ്റിൽ തുടക്കമായി.

ദേശിയ അന്തർദേശിയ തലത്തിൽ നിന്നുള്ള വിദഗ്ധർ നയിക്കുന്ന സമ്മേളനത്തിൽ വ്യവസായിക വിദ്യാഭ്യസ മേഖലയിലെ നൂറിലധികം പ്രമുഖരാണ് സമ്മേളനത്തിൻറെ ഭാഗമാകുന്നത്. അപ്പോളോ ടയേഴ്സ് ഗവേഷണ വിഭാഗം മുൻ മേധാവി പി കെ മുഹമ്മദ് സമ്മേളനം ഉത്ഘാടനം ചെയ്തു. ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഫിസാറ്റ് സയൻസ് ആൻഡ് ഹ്യൂമാനിറ്റീസ് വിഭാഗമാണ് സമ്മേളനത്തിന് നേതൃത്വം നൽകുന്നത്. രണ്ടു ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ എം ജി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ സാബു തോമസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ എം കെ ജയരാജ്, ഇൻസായങ് സയന്റിസ്റ്റ് ഡോ ദിനേശ് ജഗദീഷ്, കോയമ്പത്തൂർ പി എസ് ജി ഇൻസ്റ്റിട്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് കെമിസ്ട്രി വിഭാഗം മേധാവി പ്രൊഫ പി ബിജി, സി മെറ്റ് സെൻറ്റിസ്റ്റ് ഡോ എസ് ശങ്കര നാരായണൻ പോറ്റി, മഹാത്മാ ഗാന്ധി സർവകലാശാല കെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫ.എം എസ് ശ്രീകല, മെക്സിക്കോ ഓട്ടോണോമസ് യൂണിവേഴ്സിറ്റി പ്രൊഫ ഡോ കെ സി സനൽ, ഡിഫെൻസ് റിസർച്ച് ഡെവലപ്പ്മെൻറ് ഓർഗനൈസേഷൻ സയൻറ്റിസ്റ്റ് ഡോ അനൂപ് ആനന്ദ്, പലാക്കി യൂണിവേഴ്സിറ്റി അസിസ്റ്റൻറ് ഡോ സി പി എബി തുടങ്ങിയ വിദ്യാഭ്യാസ വ്യാവസായിക മേഖലയിലെ പ്രമുഖർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 'ന്യൂ ഇന്ത്യ ഇൻഷുറൻസും ടാറ്റ എ ഐ ജി യും സമ്മേളനത്തോട് സഹകരിക്കുന്നുണ്ട് അമ്പതോളം പ്രബന്ധങ്ങൾ സമ്മേളനത്തിൽ അവതരിപ്പിച്ചു. ചടങ്ങിൽ ഫിസാറ്റ് പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ്, വൈസ് പ്രിൻസിപ്പൽ ഡോ പി ആർ മിനി, സയൻസ് ആൻഡ് ഹ്യൂമാനിറ്റീസ് വിഭാഗം മേധാവി ഹണിമോൾ പി ചാക്കോ, പ്രോഗ്രാം കോഓർഡിനേറ്ററുമാരായ ഡോ സോനാ നാരായണൻ, ഡോ കീർത്തി ജി നായർ തുടങ്ങിവർ സംസാരിച്ചു.

# ദേശീയ ബഹിരാകാശ ദിനം ആഘോഷിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ഭൗതിക ശാസ്ത്ര വിഭാഗം ഇന്ത്യയുടെ ആദ്യത്തെ ദേശീയ ബഹിരാകാശ ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. 2023 ഓഗസ്റ്റ് 23 ന്, ചന്ദ്രയാൻ 3 ന്റെ ലാൻഡറും റോവറും ചന്ദ്രനിൽ വിജയകരമായി ഇറക്കി ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന ഒരു സുപ്രധാന നാഴികക്കല്ലിൽ എത്തി. ഈ ശാസ്ത്രനേട്ടത്തിന്റെ സ്മരണയ്ക്കായി ഓഗസ്റ്റ് 23 ന് ഇന്ത്യയിൽ 'ദേശീയ ബഹിരാകാശ ദിനം' ആയി ആചരിക്കുന്നു. വകുപ്പ് മേധാവി ഡോ. ആൽഡ്രിൻ ആന്റണി സ്വാഗതം പറഞ്ഞു. ഇന്ത്യൻ ശാസ്ത്ര പുരോഗതിയാൽ ഇസ്രോ നൽകിയ സംഭാവനകളെകുറിച്ചും, കുസാറ്റ് ഫിസിക്സ് ഡിപാർട്ടിമെന്റിലെ പൂർവ്വവിദ്യാർത്ഥികൾ ഇസ്രോയ്ക് നൽകിയ സംഭാവനകളെ കുറിച്ചും അദ്ദേഹം വിവരിച്ചു. ചന്ദ്രയാൻ3 ദൗത്യത്തിൽ വ്യത്യസ്ത പേലോഡുകളുടെ പ്രവർത്തനത്തെക്കുറിച്ചും ചന്ദ്രോപരിതലത്തിൽ നിന്ന് ഇതുവരെ നാം നേടിയെടുത്ത ശാസ്ത്രീയ ഫലങ്ങളെക്കുറിച്ചും ഭൗതികശാസ്ത്ര വിഭാഗത്തിലെ അസിസ്റ്റന്റ് ഡോ. അനൂപ് കെ. കെ. മുഖ്യ പ്രഭാഷണം നടത്തി. 2028ഓടെ ഇസ്രോ നടക്കാൻ ഉദ്ദേശിക്കുന്ന ചന്ദ്രയാൻ4 ദൗത്യത്തിന്റെ പദ്ധതികളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ഫിസിക്സ് വിഭാഗത്തിലെ ബിരുദ, ബിരുദാനന്തര വിദ്യാർഥികൾക്കായി 'ഇന്ത്യൻ ബഹിരാകാശ ഗവേഷണം' എന്ന വിഷയത്തിൽ ക്വിസ് മത്സരം നടത്തി. മാർസ് റോവർ രൂപകല്പന ചെയ്യുകൊണ്ട് ഇന്ത്യയിൽ ഒന്നാം സ്ഥാനവും യൂറോപ്യൻ റോവർ ചലഞ്ചിൽ 11 റാങ്കും നേടിയ കുസാറ്റിലെ ടീം ഹൊറൈസൺ അംഗങ്ങളെ വകുപ്പ് മേധാവി അഭിനന്ദിച്ചു.



# ലീഗൽ പ്രൊഫഷണലുകളെ ലക്ഷ്യമിട്ട് ലെക്സ് ലെജിസ് ഡോട്ട്.എഐ

**കൊച്ചി:** പ്രമുഖ ലീഗൽ ടെക് സൊല്യൂഷൻസ് സ്ഥാപനമായ ലെക്സ് ലെജിസ് ഡോട്ട്.എഐ ലീഗൽടെക് മേഖലയിലെ പ്രൊഫഷണലുകളെ ലക്ഷ്യമിട്ട് ലീഗൽ എഐ പ്ലാറ്റ്ഫോമായ ലാർജ് ലാഗ്വേജ് മോഡൽ (എൽഎൽഎം) അവതരിപ്പിച്ചു. 10 ദശലക്ഷത്തിലധികം ഇന്ത്യൻ നിയമ രേഖകളിൽ പരിശീലനം ലഭിച്ച എൽഎൽഎം ഉപയോഗിച്ച്, നിയമപരമായ ചോദ്യങ്ങൾക്ക് സംക്ഷിപ്തവും കൃത്യവുമായ ഉത്തരങ്ങൾ വിശദ വിവരങ്ങൾ സഹിതം നിമിഷങ്ങൾക്കുള്ളിൽ നൽകുന്നു എന്നതാണ് ഇതിന്റെ സവിശേഷത. ലീഗൽ റിസർച്ചിന് മികച്ച കൃത്യതയും വിശ്വാസ്യതയും ഉറപ്പു വരുത്താനും ഇന്ത്യയിലെ ആദ്യത്തെ ലീഗൽ എഐ പ്ലാറ്റ്ഫോമിലൂടെ സാധിക്കും. കേസുകളുടെ ഡോക്യുമെന്റുകൾ ശേഖരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനോടൊപ്പം നീണ്ടു നിൽക്കുന്ന റിസർച്ച് ജോലികൾ സെക്കന്റുകളിൽ തീർക്കാനും ഇത് സഹായിക്കുന്നു.

നിയമപരമായ രേഖകൾ സ്കാൻ ചെയ്യാനും വിശകലനം ചെയ്യാനും പ്രസക്തമായ വിവരങ്ങൾ തിരിച്ചറിയാനും പൊരുത്തക്കേടുകൾ എളുപ്പത്തിൽ കണ്ടെത്തി രേഖപ്പെടുത്താനും എഐ പ്ലാറ്റ്ഫോം സഹായിക്കും. നിയമ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, കോർപ്പറേറ്റ് ലീഗൽ ടീമുകൾ, എസ്എംഇകൾ, സ്വതന്ത്ര നിയമ വിദഗ്ധർ എന്നിവർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തിട്ടുള്ള ടൂളാണിണ്. ഇന്ത്യ ആസ്ഥാനമായി പ്രവർത്തിക്കുന്ന അത്യാധുനിക ലീഗൽ ടെക്നോളജി സ്റ്റാർട്ടപ്പ് കൂടിയാണ് ലെക്സ് ലെജിസ് ഡോട്ട്.എഐ.

എഐ അധിഷ്ഠിത ടൂളുകൾ ഉപയോഗിച്ച് ജുഡീഷ്യറിയെയും നിയമ വിദഗ്ധരെയും ശാക്തീകരിക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള എഐ പ്ലാറ്റ്ഫോം കേസുകൾ കെട്ടിക്കിടക്കുന്ന ഈ പ്രതു മൂലമുണ്ടാവുന്ന പ്രതിസന്ധികളെ നേരിടാനും ഗവേഷണത്തെ ലളിതവും കാര്യക്ഷമമവുമാക്കാൻ സഹായിക്കുമെന്ന് ലെക്സ് ലെജിസ് ഡോട്ട്.എഐ സ്ഥാപകനും സിഇഒയുമായ സാകർ എസ്. യാദവ് പറഞ്ഞു.

